# വിക്കി
# വിക്കിപീഡിയ
# മലയാളം വിക്കിപീഡിയ

---

## പതിവ് ചോദ്യങ്ങൾ

വിക്കിപീഡിയ

സ്വതന്ത്രസർവ്വവിജ്ഞാനകോശം

IT @ School

www.itschool.gov.in

Government of Kerala

# വിക്കി, വിക്കിപീഡിയ , മലയാളം വിക്കിപീഡിയ – പതിവ് ചോദ്യങ്ങൾ

പതിപ്പ് 2.0 (2010 ഒക്ടോബർ 30)
© പകർപ്പവകാശസംരക്ഷിതം: മലയാളം വിക്കിസമൂഹം

## ഉപയോഗാനുമതി

ഈ പുസ്തകം (പുറംചട്ടകളടക്കം) ക്രിയേറ്റീവ് കോമൺസ് ആട്രിബ്യൂഷൻ ഷെയർ-എലൈക് 3.0 (Creative Commons Attribution-Share Alike 3.0 Unported - CC-BY-SA) എന്ന അനുവാദപത്രമനുസരിച്ച് താങ്കൾക്ക് ഉപയോഗിക്കാവുന്നതാണ്. ഈ അനുവാദപത്രത്തിലെ നിർവചനങ്ങൾക്കനുസരിച്ച് താങ്കൾക്ക് ഈ പുസ്തകം മെച്ചപ്പെടുത്താനോ, കൂടുതൽ വിവരങ്ങൾ ചേർക്കാനോ മാറ്റം വരുത്താനോ കഴിയുന്നതാണ്. ഈ അനുവാദപത്രത്തിലെ നിർവചനങ്ങൾക്കനുസരിച്ച് മാറ്റങ്ങളോടു കൂടിയോ മാറ്റങ്ങളില്ലാതെയോ താങ്കൾക്ക് ഈ പുസ്തകം വിതരണം ചെയ്യാൻ കഴിയുന്നതാണ്. പക്ഷെ അങ്ങനെ ചെയ്യുമ്പോൾ മലയാളം വിക്കിസമൂഹത്തിന് കടപ്പാട് രേഖപ്പെടുത്തണം. അനുവാദപത്രത്തിന്റെ ഓൺലൈൻ പതിപ്പ് http://creativecommons.org/licenses/by-sa/3.0 എന്ന യു.ആർ.എൽ. ഉപയോഗിച്ച് കാണാവുന്നതാണ് .

വിക്കിപീഡിയ ലോഗോ, വിക്കിമീഡിയ ഫൗണ്ടേഷന്റെ സ്വന്തമായുള്ള മുദ്രയാണ്. അത് അനുവാദത്തോടെയാണ് ഈ കൈപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത്. വിക്കിപീഡിയയുടെ ലോഗോ താങ്കൾക്ക് ഉപയോഗിക്കണം എന്നുണ്ടെങ്കിൽ വിക്കിമീഡിയ ഫൗണ്ടേഷന്റെ മുൻകൂർ അനുവാദം താങ്കൾ നേടിയിരിക്കേണ്ടതുണ്ട്.

## ബാദ്ധ്യതാ നിരാകരണം

ഈ പുസ്തകം താങ്കൾക്ക് ഉപകാരപ്രദമാകുമെന്ന വിശ്വാസത്തിലാണ് വിതരണം ചെയ്യുന്നത്, പക്ഷേ യാതൊരു ഗുണമേന്മ ഉത്തരവാദിത്വവും പുസ്തകത്തിനൊപ്പമില്ല. ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വിവരങ്ങളും കൃത്യവും സൂക്ഷ്മവുമായിരിക്കാൻ സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും വലംബിച്ചിട്ടുണ്ട്. എന്നിരുന്നാലും, പൂർണ്ണമായ കൃത്യത ഉറപ്പുതരാനാവില്ല. ഈ പുസ്തകത്തിന്റെ സ്രഷ്ടാക്കളോ, ലേഖകരോ, ഇത് അച്ചടിച്ചവരോ, മലയാളം വിക്കിസംരംഭങ്ങളോ, വിക്കിമീഡിയാ ഫൌണ്ടേഷനോ മറ്റാരെങ്കിലുമോ ഇതിലുണ്ടായേക്കാവുന്ന പിഴവുകൾക്കോ അതിന്റെ പരിണിത ഫലങ്ങൾക്കോ യാതൊരു വിധത്തിലും ബാദ്ധ്യസ്ഥരായിരിക്കില്ല. ശ്രദ്ധക്കുറവു കൊണ്ടോ, മനഃപൂർവ്വം ഉൾപ്പെടുത്തിയതു കൊണ്ടോ, മറ്റെന്തെങ്കിലും തെറ്റായ പ്രവർത്തന രീതി കൊണ്ടോ ഈ പുസ്തകത്തിൽ ഉൾപ്പെട്ടു പോയ തെറ്റായ കാര്യങ്ങൾക്ക് ആരും ബാദ്ധ്യതയേൽക്കുന്നതല്ല. ഈ പുസ്തകത്തിലെ ശരിയായ വിവരങ്ങൾ താങ്കൾ തെറ്റായി ഉപയോഗിക്കുന്നതു മൂലമോ, ഉപയോഗത്തിന്റെ പരിണിതഫലം തെറ്റായി പോയതുകൊണ്ടോ മറ്റെന്തെങ്കിലും വിധത്തിലോ താങ്കൾക്കോ മറ്റാർക്കെങ്കിലുമോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും ഈ പുസ്തകവുമായി ബന്ധപ്പെട്ട ആരും യാതൊരു വിധത്തിലും ബാദ്ധ്യസ്ഥരായിരിക്കില്ല.

## അണിയറയിൽ

ടൈപ്പ് സെറ്റിങ്:

- ജുനൈദ് (http://ml.wikipedia.org/wiki/user:Junaidpv)
- ഷിജു അലക്സ് (http://ml.wikipedia.org/wiki/user:Shijualex)

സങ്കേതം: Open Office 3.2, Unicode (Malayalam Font: Rachana)
ഇമെയിൽ വിലാസം: wiki.malayalam@gmail.com
പ്രായോജകർ: ഐടി@സ്കൂൾ

## വിക്കി, വിക്കിപീഡിയ, മലയാളം വിക്കിപീഡിയ - പതിവ് ചോദ്യങ്ങൾ

വിക്കി, വിക്കിപീഡിയ, മലയാളം വിക്കിപീഡിയ ഇവയെക്കുറിച്ച് സാധാരണക്കാർ പതിവായി ചോദിക്കാറുള്ള ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ആണ് ഈ ചെറിയ കൈപുസ്തകത്തിൽ. 25 ൽ പരം ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. അതിനു പുറമേ മലയാളം വിക്കിസംരംഭത്തിൽ മലയാളം ടൈപ്പ് ചെയ്യുന്നതിനെക്കുറിച്ചുള്ള സഹായവിഭാഗവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 1. എന്താണ് വിക്കി?

സാധാരണഗതിയിൽ ഇന്റർനെറ്റിലെ ഏതെങ്കിലുമൊരു താളിൽ എന്തെങ്കിലും എഴുതിച്ചേർക്കണമെങ്കിൽ മികച്ച സാങ്കേതിക പരിജ്ഞാനവും മറ്റാരുടെയെങ്കിലും സമ്മതവും ഒക്കെ വേണം. അത്തരം നിയന്ത്രണങ്ങളൊന്നുമില്ലാതെ ആർക്കും (സാങ്കേതിക പരിജ്ഞാനം വളരെയൊന്നും ഇല്ലാത്ത ഒരു സാധാരണ വെബ്ബ് ഉപയോക്താവിനും) വിവരങ്ങൾ കൂട്ടിച്ചേർക്കാനും, നീക്കം ചെയ്യാനും, മാറ്റംവരുത്താനുമുള്ള സ്വാതന്ത്ര്യവും സൗകര്യവും നൽകുന്ന ഒരു സോഫ്റ്റ്‌വെയർ സംവിധാനമാണ് **വിക്കി**.. വളരെ എളുപ്പത്തിൽ വിവരങ്ങൾ ചേർക്കാം എന്നതിനാൽ കൂട്ടായ്മയിലൂടെ രചന നടത്താനുള്ള മികച്ച ഉപാധിയാണ് വിക്കി സോഫ്റ്റ്‌വെയർ. ചുരുക്കത്തിൽ, ഒരേ സമയം ഗ്രന്ഥദാതാവായും ഉപയോക്താവായും ഏതൊരാൾക്കും പങ്കെടുക്കാനാവുന്ന ഒരു സോഫ്റ്റ്‌വെയർ സംവിധാനമാണ് വിക്കി.

വാർഡ് കണ്ണിംഹാം (Ward Cunningham) എന്ന അമേരിക്കക്കാരനാണ് വിക്കി എന്ന ആശയത്തിനും, സോഫ്റ്റ്‌വെയറിനും അടിത്തറയിട്ടത്. 1994-ൽ അദ്ദേഹം വികസിപ്പിച്ചെടുത്ത വിക്കിവിക്കിവെബ് എന്ന സോഫ്റ്റ്‌വെയറാണ് വിക്കി എന്ന ആശയത്തിന് തുടക്കമിട്ടത്. 1995 മാർച്ച് 25-ന് അദ്ദേഹം ഇത് www.c2.com എന്ന വെബ്ബ് സൈറ്റിൽ സ്ഥാപിച്ചു. അദ്ദേഹം തന്നെയാണ് ഈ പുതിയ ആപ്ലിക്കേഷന് വിക്കി എന്ന പേര് നിർദ്ദേശിച്ചത്. ഹോണോലുലു ദ്വീപിലെ വിമാനത്താവളത്തിലെ ടെർമിനലുകളെ ബന്ധിപ്പിച്ചുകൊണ്ട് ഓടിയിരുന്ന വിക്കിവിക്കി ചാൻസ് ആർ.ടി. 52 എന്ന ബസ്സ് സർവ്വീസിനെക്കുറിച്ച് അവിടുത്തെയൊരു തൊഴിലാളി പറഞ്ഞതിനെ ഓർത്തായിരുന്നു ഈ പേരിടൽ. ഹവായിയൻ ഭാഷയിൽ വിക്കി എന്നാൽ വേഗത്തിൽ എന്നാണ് അർത്ഥം. "What I Know Is" എന്നതിന്റെ ചുരുക്കെഴുത്തായും വിക്കിയെ (Wiki) ഇപ്പോൾ വികസിപ്പിച്ച് പറയാറുണ്ട്.

## 2. എന്താണ് വിക്കിപീഡിയ?

വിക്കി സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അനേകം എഴുത്തുകാരുടേയും വായനക്കാരുടേയും സഹകരണത്തോടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സ്വതന്ത്രവും സൗജന്യവുമായ ഓൺലൈൻ വിജ്ഞാനകോശമാണ് വിക്കിപീഡിയ. ഇംഗ്ലീഷ് ഭാഷയിലാണ് ഏറ്റവും വലിയ വിക്കിപീഡിയ. അതിൽ 33 ലക്ഷത്തിലധികം ലേഖനങ്ങളുണ്ട്. ഇംഗ്ലീഷിന് പുറമേ 270-ൽ പരം ഇതര ലോകഭാഷകളിൽ വിക്കിപീഡിയ ഉണ്ട്. അനേകം എഴുത്തുകാരുടെ അറിവും പ്രയത്നവും വിക്കിപീഡിയയിലെ ഓരോ ലേഖനത്തിനും പിന്നിലുണ്ട്. നിരവധി ഉപയോക്താക്കൾ തുടർച്ചയായി വിക്കിപീഡിയ തിരുത്തുന്നുണ്ട്.

## 3. വിക്കിയും വിക്കിപീഡിയയും ഒന്നാണോ?

വിക്കിയും വിക്കിപീഡിയയും ഒന്നല്ല. വിക്കിപീഡിയയുടെ മറ്റൊരു പേരല്ല വിക്കി എന്ന നാമം. വിക്കി എന്നത് കൂട്ടായ്മയിലൂടെ രചന നിർവ്വഹിക്കാൻ സഹായിക്കുന്ന ഒരു സോഫ്റ്റ്‌വെയർ മാത്രമാണ്. വിക്കി സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന എന്നതാണ് വിക്കിപീഡിയയും വിക്കിയും തമ്മിലുള്ള ബന്ധം. യഥാർത്ഥത്തിൽ വിക്കി സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന അസംഖ്യം വെബ്ബ് സൈറ്റുകളിൽ ഒന്ന് മാത്രമാണ് വിക്കിപീഡിയ. ഇന്ന് നിലവിലുള്ള വിക്കികളിൽ പ്രചാരവും ഉള്ളടക്കത്തിന്റെ മികവും കൊണ്ട് ഏറ്റവും മുന്നിട്ട് നിൽക്കുന്നതും വിക്കിപീഡിയ എന്ന സർവ്വവിജ്ഞാനകോശം ആണ്. പക്ഷെ, വിക്കിപീഡിയയുടെ ജനപ്രീതിയും വളർച്ചയും മൂലം വിക്കി എന്ന് പറഞ്ഞാൽ വിക്കിപീഡിയ ആണെന്നാണ് പലരും ധരിച്ച് വച്ചിട്ടുള്ളത്, അത് ശരിയല്ല എന്ന് ഇപ്പോൾ മനസ്സിലായല്ലോ.

## 4. വിക്കിപീഡിയയുടെ ലഘു ചരിത്രം തരാമോ?

ആർക്കും എഴുതാവുന്ന സ്വതന്ത്രവിജ്ഞാനകോശം എന്ന ആശയം പ്രാവർത്തികമാക്കാനുള്ള ആദ്യശ്രമം റിക്ക് ഗേറ്റ്സിന്റെ ഇന്റർപീഡിയ ആയിരുന്നു. പക്ഷെ അത് പ്ലാനിങ് ഘട്ടം കഴിഞ്ഞ് അധികം മുന്നോട്ടുപോയില്ല. അതാത് വിഷയങ്ങളിൽ നൈപുണ്യമുള്ളവരുടെ ലേഖനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള നുപീഡിയ (Nupedia) ആയിരുന്നു വേറൊരു പ്രധാനസംരംഭം. ജിമ്മി വെയിൽസും സഹായി ലാരി സാങ്ങറും ആയിരുന്നു അതിന്റെ ശിൽപ്പികൾ. ലേഖനങ്ങളുടെ ഗുണമേന്മയ്ക്ക് കൊടുത്തിരുന്ന അമിത പ്രാധാന്യം മൂലം അതിന്റെ വളർച്ച വളരെ പതുക്കെയായിരുന്നു. അതുകൊണ്ട്, നുപീഡിയയെ സഹായിക്കാനായി ആർക്കും എഡിറ്റ് ചെയ്യാനാവുന്ന വിക്കിപീഡിയ എന്ന സംരംഭം ജിമ്മി വെയിൽസും സഹായി ലാരി സാങ്ങറും ചേർന്ന് ആരംഭിച്ചു. അതിശയമെന്ന് പറയട്ടെ, ജനകീയ പങ്കാളിത്തത്തിലൂടെ മാത്ര വെബ്സൈറ്റിനെയും കടത്തി വെട്ടിയ വിക്കിപീഡിയ, കാലാന്തരത്തിൽ

തനതുവ്യക്തിത്വമുള്ള സ്വതന്ത്ര വിജ്ഞാനകോശമായി മാറി. ഇന്ന് വിജ്ഞാനകോശം എന്നതിന്റെ മറുവാക്കായി വിക്കിപീഡിയ മാറികഴിഞ്ഞിരിക്കുന്നു.

ലാഭേച്ഛകൂടാതെ പ്രവർത്തിക്കുന്ന വിക്കിമീഡിയ ഫൗണ്ടേഷൻ (http://wikimediafoundation.org) എന്ന സ്ഥാപനമാണ് ഇപ്പോൾ വിക്കിപീഡിയയെ നിയന്ത്രിക്കുന്നത്.

## 5. ഏതൊക്കെ ഭാഷകളിൽ വിക്കിപീഡിയ ഉണ്ട്? മലയാളത്തിലും മറ്റ് ഇന്ത്യൻ ഭാഷകളിലും വിക്കിപീഡിയ ഉണ്ടോ?

ഏതാണ്ട് 270-തിൽ പരം ലോകഭാഷകളിൽ വിക്കിപീഡിയ നിലവിലുണ്ട്. മലയാളത്തിലും വിക്കിപീഡിയ ഉണ്ട്. 2001 ജനവരി 15-ന് ഇംഗ്ലീഷ് ഭാഷയിലാണ് ആദ്യ വിക്കിപീഡിയ തുടങ്ങുന്നത്. 2001 മാർച്ച് 16-ന് ആരംഭിച്ച ജർമ്മൻ ഭാഷയിലുള്ള വിക്കിപീഡിയയാണ് രണ്ടാമത്തെ വിക്കിപീഡിയ. തുടർന്നുള്ള മാസങ്ങളിൽ ഫ്രഞ്ച്, ചൈനീസ്, ഡച്ച്, ഹീബ്രു, ഇറ്റാലിയൻ, റഷ്യൻ തുടങ്ങിയ വിവിധ ഭാഷകളിൽ വിക്കിപീഡിയ ആരംഭിച്ചു.

എങ്കിലും ആദ്യത്തെ ഒരു വർഷത്തിൽ ഒരു ഇന്ത്യൻ ഭാഷയിൽ പോലും വിക്കിപീഡിയ ആരംഭിക്കാനുള്ള ശ്രമങ്ങളുണ്ടായില്ല. ഈ വഴിക്കുള്ള ആദ്യത്തെ ശ്രമം ഉണ്ടായത് 2002 ജൂൺ മാസത്തിൽ പഞ്ചാബി, അസ്സാമീസ്, ഒറിയ ഭാഷകളിലുള്ള വിക്കിപീഡിയകൾ ആരംഭിച്ചപ്പോഴാണ്. ഈ മൂന്ന് ഇന്ത്യൻ ഭാഷകൾക്ക് ശേഷം 2002 ഡിസംബർ 21 നാണ് മലയാളം വിക്കിപീഡിയ പിറവിയെടുത്തത്. ക്രമേണ 2003-ഫെബ്രുവരിയിൽ ഭോജ്പൂരി, 2003 മെയിൽ മറാഠി, 2003 ജൂണിൽ കന്നഡ, 2003 ജൂലൈയിൽ ഹിന്ദി, 2003 സെപ്റ്റംബറിൽ തമിഴ്, 2003 ഡിസംബറിൽ തെലുഗ്, ഗുജറാത്തി, 2004 ജനവരിയിൽ ബംഗാളി എന്നിങ്ങനെ വിവിധ ഇന്ത്യൻ ഭാഷകളിൽ ഉള്ള വിക്കിപീഡിയകൾ ആരംഭിച്ചു. നിലവിൽ 270-തിൽ പരം ലോകഭാഷകളിൽ വിക്കിപീഡിയയുടെ പതിപ്പുകളുണ്ട്. മൃതമായിക്കൊണ്ടിരുന്ന പല ഭാഷകളും ലിപികളും വിക്കിപീഡിയയുടെ പ്രവർത്തനങ്ങളിലൂടെ ഇപ്പോൾ പുനർജീവിക്കുന്നു.

ഏറ്റവും വലിയ വിക്കിപീഡിയ ഇംഗ്ലീഷിലാണ് (http://en.wikipedia.org/). ഇംഗ്ലീഷ് വിക്കിപീഡിയയിൽ നിലവിൽ (2010 ഏപ്രിൽ) 33 ലക്ഷത്തിൽപ്പരം ലേഖനങ്ങളുണ്ട്. മലയാളം വിക്കിപീഡിയ (http://ml.wikipedia.org) വികസിച്ചുവരുന്നതേയുള്ളൂ. നിലവിൽ (2010 ഒക്ടോബർ) 14,500-ൽ പരം ലേഖനങ്ങളാണ് മലയാളം വിക്കിപീഡിയയിലുള്ളത്.

## 6. ആരാണ് മലയാളം വിക്കിപീഡിയയിൽ ലേഖനം എഴുതുന്നത്?

അറിവ് പങ്കുവെയ്ക്കാൻ താല്പര്യവും, മലയാള ഭാഷയോട് സ്നേഹവുമുള്ള താങ്കളെ പോലുള്ള സാധാരണ ഉപയോക്താക്കളാണ് മലയാളം വിക്കിപീഡിയയിലെ ലേഖനങ്ങൾ എഴുതുന്നത്. അതിൽ സ്കൂൾ വിദ്യാർത്ഥികളുണ്ട്, വിമുക്തഭടന്മാരുണ്ട്, കർഷകരുണ്ട്, വീട്ടമ്മമാരുണ്ട്, ഐടി മേഖലകളിൽ പ്രവർത്തിക്കുന്നവരുണ്ട്, സർക്കാർ ജീവനക്കാരുണ്ട്, അങ്ങനെ സമൂഹത്തിന്റെ നാനാതുറകളിലുള്ള സുമനസ്സുകൾ മലയാളം വിക്കിപീഡിയയിലൂടെ തങ്ങൾക്കുള്ള അറിവ് പങ്ക് വെച്ച് തങ്ങളുടെ അറിവിന്റെ ചക്രവാളത്തെ വികസിപ്പിക്കുകയും അതോടൊപ്പം മലയാളിയുടെ ഭാവിതലമുറയ്ക്കായി വലിയ സേവനവും ചെയ്യുന്നു.

## 7. ഇതൊരു സർക്കാർ പദ്ധതി ആണോ? ഇതിൽ സർക്കാറിന്റെ പങ്കെന്താണ്?

വിക്കിമീഡിയ ഫൗണ്ടേഷൻ എന്ന ലാഭേച്ഛ ഇല്ലാതെ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിന്റെ കീഴിലാണ് വിക്കിപീഡിയ പ്രവർത്തിക്കുന്നത്. വിക്കിപീഡിയ ഒരു സർക്കാർ പദ്ധതിയോ വിക്കിമീഡിയ ഫൗണ്ടേഷൻ ഒരു സർക്കാർ സ്ഥാപനമോ അല്ല. അതിൽ ഒരു രാജ്യത്തെ സർക്കാരുകൾക്കും യാതൊരു പങ്കും ഇല്ല. വിക്കിമീഡിയ ഫൗണ്ടേഷന്റെ കീഴിലുള്ള എല്ലാ വിക്കികളുടേയും പ്രവർത്തനച്ചെലവിനുള്ള പണം, വിക്കി ഉപയോഗിക്കുന്ന സാധാരണക്കാർ നൽകുന്ന എളിയ സംഭാവനകളിൽ നിന്നാണ് കണ്ടെത്തുന്നത്. അടുത്ത കാലത്തായി വിക്കിമീഡിയ ഫൗണ്ടേഷന്റെ വിക്കി സംരംഭങ്ങളുടെ പ്രവർത്തനത്തിൽ ആകൃഷ്ടരായി പല സർക്കാറുകളും കോർപ്പറേറ്റ് കമ്പനികളും വിവിധ രീതിയിൽ വിക്കിമീഡിയ ഫൗണ്ടേഷനെ സഹായിക്കുന്നുണ്ട്.

## 8. വിക്കിപീഡിയയിൽ ലേഖനം എഴുതുന്നതിന് എഴുതേണ്ട വിഷയത്തിൽ നല്ല അറിവ് വേണ്ടേ? അതില്ലാത്ത ഞാൻ എങ്ങനെ വിക്കിപീഡിയയിൽ സംഭാവന ചെയ്യും?

വിക്കിപീഡിയയിൽ നിന്ന് ആളുകളെ അകറ്റി നിർത്തുന്ന ഒരു പ്രധാന തെറ്റിദ്ധാരണ ആണിത്. വിക്കിപീഡിയയിൽ ലേഖനം എഴുതുവാൻ നിങ്ങൾക്ക് ഒരു വിഷയത്തിലും അഗാധപാണ്ഡിത്യം ഉണ്ടാവേണ്ടതില്ല. വിക്കിപീഡിയയിലെ ഒരു ലേഖനവും ഒരാൾ മാത്രമായി എഴുതിതീർത്തതുമല്ല. പല മേഖലയിലുള്ളവർ, പലരാജ്യങ്ങളിൽ താമസിക്കുന്നവർ, ഇന്റർനെറ്റ് എന്ന മാധ്യമത്തിലൂടെ കൂട്ടായി എഴുതിതീർത്തവയാണ് മലയാളം വിക്കിപീഡിയയിലെ ഓരോ ലേഖനവും. ഒരു ഉദാഹരണം വഴി ഇത് വ്യക്തമാക്കാം.

തിരുവനന്തപുരത്തെ ഒരു സ്കൂൾ വിദ്യാർത്ഥി ഇലക്ട്രിക് ബൾബ് എന്ന ലേഖനം വിക്കിപീഡിയയിൽ എഴുതുവാൻ തുടങ്ങുന്ന എന്നു സങ്കല്പിക്കുക. അവന്റെ അറിവിന്റെ പരിധിയിൽനിന്നുകൊണ്ട് ഇലക്ട്രിക് ബൾബ് എന്താണ് ചെയ്യുന്നതെന്നതിന്റെ ഒരു അടിസ്ഥാന വിവരണം മാത്രം ഒരു പാരഗ്രാഫിൽ എഴുതുകയാണ് അവൻ ചെയ്യുക. കുറേ ദിവസം കഴിഞ്ഞ് മദ്രാസിൽ നിന്നും ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥി ആ ലേഖനം അല്പം കൂടി വിപുലപ്പെടുത്തി ബൾബിന്റെ പ്രവർത്തന തത്വങ്ങളും, അതിന്റെ രേഖാചിത്രങ്ങളും അതേ ലേഖനത്തിൽ കൂട്ടിച്ചേർക്കുന്നു. തുടർന്ന് അമേരിക്കയിൽ ജോലി ചെയ്യുന്ന മലയാളിയായ ഒരു ഇലക്ട്രിക്കൽ എഞ്ചിനീയർ ഈ ലേഖനം കാണാനിടയാവുകയും, പലവിധ ബൾബുകളെ കുറിച്ച് കുറച്ച് കൂടി ആധികാരികമായതും, സാങ്കേതിക വിജ്ഞാനം പകരുന്നതുമായ മറ്റു കാര്യങ്ങൾകൂടി ആ ലേഖനത്തിൽ ചേർക്കുന്നു എന്നും വിചാരിക്കുക. ഇങ്ങനെ അവസാനം ഇലക്ട്രിക് ബൾബിനെപ്പറ്റിയുള്ള ആ ലേഖനം വിജ്ഞാനപ്രദമായ ഒരു നല്ല ലേഖനമായി മാറുന്നു. പലതുള്ളി പെരുവെള്ളം! ഇതുതന്നെയാണ് വിക്കിപീഡിയയിലേ ഓരോ ലേഖനത്തിനു പിന്നിലും ഉള്ള തത്വം. ഇതിന്റെ ഭാഗമാകാൻ നിങ്ങൾക്കും സാധിക്കും എന്ന് മനസ്സിലായില്ലേ. പുതിയ ലേഖനങ്ങൾ തുടങ്ങിയും നിലവിലുള്ള ലേഖനങ്ങൾ മെച്ചപ്പെടുത്തിയും നിങ്ങൾക്ക് ഈ സംരംഭത്തിന്റെ ഭാഗമാകാം.

## 9. ഞാൻ എന്തിന് വിക്കിപീഡിയയിൽ ലേഖനം എഴുതണം? വിക്കിപീഡിയയിൽ ലേഖനം എഴുതിയാൽ എനിക്കെന്താ പ്രയോജനം?

നമുക്കോരോരുത്തർക്കും ഇന്ന് ലഭിച്ചിരിക്കുന്ന അല്ലെങ്കിൽ ലഭിച്ച് കൊണ്ടിരിക്കുന്ന അറിവ്, പലരിൽനിന്ന്, പലസ്ഥലങ്ങളിൽ നിന്ന്, പലപ്പോഴായി പകർന്ന് കിട്ടിയിട്ടുള്ളതാണ്. അത് മറ്റുള്ളവർക്ക് കൂടി പ്രയോജനമാകുന്ന രീതിയിൽ പകർന്ന് നൽകാൻ, സൂക്ഷിച്ചുവയ്ക്കുവാൻ ഒരു സാമൂഹിക വ്യവസ്ഥിതിയിൽ നമുക്കോരോരുത്തർക്കും കടമയുണ്ട്. രേഖപ്പെടുത്താത് മൂലം നഷ്ടമായിപ്പോയ നിരവധി അറിവുകളുണ്ട്. നമുക്ക് ലഭിച്ച അറിവുകൾ വിക്കിപീഡിയയിൽ കൂടിയും മറ്റ് വിക്കി സംരംഭങ്ങളിൽ കൂടിയും പങ്ക് വെക്കുന്നതിലൂടെ നമ്മൾ നമ്മുടെ ഭാവി തലമുറയ്ക്കായി ഒരു സേവനം ആണ് ചെയ്യുന്നത്.

സൗജന്യമായി വിജ്ഞാനം പകർന്ന് നൽകുന്നതിലൂടെ ലഭിക്കുന്ന ആത്മസംതൃപ്തിയാണ് വിക്കിയന്മാർക്ക് ഇത്തരം പൊതുസേവനത്തിലൂടെ ലഭിക്കുക. അതോടൊപ്പം അറിവ് പങ്ക് വെക്കുന്നതിലൂടെ അത് വർദ്ധിക്കുന്നു എന്ന പഴംചൊല്ല് നിത്യജീവിതത്തിൽ പ്രാവർത്തികമാകുന്നതും കാണാനാകും. ഓർക്കുക, ഇതുപോലെ പല സുമനസ്സുകൾ വിചാരിച്ചതിന്റെ ഫലമാണ് നാമിന്ന് ആർജ്ജിച്ചിരിക്കുന്ന അറിവൊക്കെയും.

വിക്കിപീഡിയപോലുള്ള സംരംഭങ്ങളിൽ ലേഖനം എഴുതുന്നതിലൂടെ നമ്മുടെ അറിവ് വർദ്ധിക്കുകയും ആ അറിവ് വിക്കിപീഡിയ്ക്കു പുറത്തുള്ളവരേക്കാൾ ഏറ്റവും പുതുതായി ഇരിക്കുകയും ചെയ്യുന്ന പ്രതിഭാസമാണ് വിക്കിസംരംഭങ്ങളിൽ പ്രവർത്തിക്കുന്നതിലൂടെ ലഭിക്കുന്ന ഏറ്റവും വലിയ നേട്ടം എന്ന് പരിചയസമ്പന്നരായ വിക്കിപീഡിയർ എല്ലാം തന്നെ സമ്മതിക്കുന്നുണ്ട്. കാരണം

സ്വന്തമായി ലേഖനം എഴുതുമ്പോൾ അതിൽ എഴുതുന്ന കാര്യങ്ങളുടെ ആധികാരികത ഉറപ്പാക്കാനായി പ്രസ്തുത വിഷയം സ്വയം പഠിക്കും. അതോടൊപ്പം നിരവധി വിക്കിപീഡിയരുമായി സംവദിക്കുമ്പോൾ ആർജ്ജിക്കുന്ന അറിവ് വേറെയും. അതിനാൽ വിക്കിസംരംഭങ്ങളിൽ പ്രവർത്തിക്കുന്നത് കൂടുതൽ അറിവുള്ള ആളായിരിക്കാൻ നിങ്ങളെ സഹായിക്കുന്നു.

## 10. മലയാളം വിക്കിസംരംഭങ്ങളുടെ പ്രസക്തി എന്ത്?

വിവരങ്ങൾ സ്വതന്ത്രമാക്കുക, അത് എല്ലാവരുമായി പങ്കുവെക്കുക, എന്നതൊക്കെയാണ് വിക്കിപീഡിയ ഉൾപ്പെടുന്ന വിക്കിമീഡിയാ ഫൗണ്ടേഷൻ വിക്കി സംരംഭങ്ങളുടെ പ്രവർത്തനലക്ഷ്യമെങ്കിൽ, അതോടൊപ്പം, ശുഷ്കമായിക്കൊണ്ടിരിക്കുന്ന നമ്മുടെ ഭാഷയുടെ ജീവൻ നിലനിർത്തുകയും, ഓൺലൈനിൽ മലയാളത്തിന്റെ സാന്നിദ്ധ്യം സജീവമാക്കി നിർത്തുകയും ചെയ്യുക എന്നത് കൂടിയാണ് മലയാളം വിക്കി സംരംഭങ്ങളുടെ പ്രസക്തിയും ലക്ഷ്യവും.

നമ്മുടെ സ്കൂളുകളിലെ പഠനസമ്പ്രദായം വിദ്യാർത്ഥികേന്ദ്രീകൃതമാകുന്ന ഇക്കാലത്ത് പാഠപുസ്തകത്തിനപ്പുറമുള്ള വിവരശേഖരണം പ്രധാനമാണല്ലോ. സ്കൂളുകളിലും വീടുകളിലും ഇന്റർനെറ്റ് ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ കുട്ടികൾക്ക് മലയാളം വിക്കിപീഡിയ അടക്കമുള്ള വിവിധ വിക്കിസംരംഭങ്ങൾ പ്രയോജനപ്പെടുത്താനുള്ള അവസരമുണ്ട്. ചരിത്രം, ഭൂമിശാസ്ത്രം, ജ്യോതിശാസ്ത്രം തുടങ്ങിയ മേഖലകളിൽ മലയാളം വിക്കിപീഡിയയിലുള്ള ലേഖനങ്ങൾ വിജ്ഞാനപ്രദമാണ്. പകർപ്പവകാശമുക്തമായ ധാരാളം കൃതികൾ മലയാളം വിക്കിഗ്രന്ഥശാലയിൽ ലഭ്യമാണ്. ഏതൊരു വൈജ്ഞാനിക വിഷയത്തെ കുറിച്ചും സ്വന്തമായി വിക്കിപുസ്തകങ്ങൾ രചിക്കാൻ വിക്കിപാഠശാല അവസരം നൽകുന്നു. ബഹുഭാഷ നിഘണ്ടുവായ വിക്കിനിഘണ്ടുവിലൂടെ വിവിധഭാഷകളിലുള്ള വാക്കുകളുടെ മലയാളത്തിലുള്ള അർത്ഥം അറിയാം. ഈ മലയാളം വിക്കിസംരംഭങ്ങളിൽ കൂടെ അറിവ് നേടുക എന്നതിനൊപ്പം തന്നെ നിങ്ങൾക്കുള്ള അറിവ് മറ്റുള്ളവരുമായി പങ്കുവെക്കാനുള്ള അവസരം കൂടി ലഭ്യമാണ്. അതോടൊപ്പം നമ്മുടെ ഭാഷയുടെ നിലനിൽപ്പിനും കെട്ടുപണിക്കുമായി താങ്കളും താങ്കളെ കൊണ്ടാകുന്ന സംഭാവന ചെയ്യുന്നു.

## 11. മലയാളം വിക്കിപീഡിയയുടെ ലഘു ചരിത്രം തരാമോ?

മലയാളം പോലുള്ള ഭാഷകൾക്ക് കമ്പ്യൂട്ടറിൽ എഴുതാനും വായിക്കാനുമുപയോഗിക്കുന്ന ലിപിവ്യവസ്ഥകളിൽ ആദ്യമൊന്നും പൊതുവായ മാനദണ്ഡമുണ്ടായിരുന്നില്ല. അതിനാൽ തന്നെ ഇത്തരം ഭാഷകളിൽ എഴുതുന്ന ലേഖനങ്ങൾ വായിക്കാൻ പ്രസ്തുത ലേഖനമെഴുതിയ ആൾ ഉപയോഗിച്ച ഫോണ്ടും കമ്പ്യൂട്ടർ വ്യവസ്ഥയും തന്നെ ഉപയോഗിക്കണം എന്ന സ്ഥിതി ആയിരുന്നു.

യൂണിക്കോഡ് എന്നറിയപ്പെടുന്ന കമ്പ്യൂട്ടർ ലിപിവ്യവസ്ഥ വന്നതോടുകൂടി മലയാളം കമ്പ്യൂട്ടറിനു വഴങ്ങുന്ന ഒന്നായി. എല്ലാഭാഷയ്ക്കും തനതായ ലിപിസ്ഥാനങ്ങൾ നിശ്ചയിച്ചുകൊണ്ട് അന്താരാഷ്ട്രതലത്തിൽ നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് യൂണികോഡ്. മലയാളം യൂണിക്കോഡ് സാർവത്രികമായി ഉപയോഗിക്കുവാൻ തുടങ്ങിയതോടെയാണ് മലയാളം വിക്കിപീഡിയ സജീവമായത്.

2002 ഡിസംബർ 21-ന് തിരുവനന്തപുരം സ്വദേശിയായ വിനോദ് മേനോൻ എം.പി.യാണ് മലയാളം വിക്കിപീഡിയക്ക് (http://ml.wikipedia.org/) തുടക്കം ഇട്ടത്. ഏറെക്കുറെ അദ്ദേഹം ഒറ്റയ്ക്കായിരുന്നു ആദ്യത്തെ രണ്ട് വർഷത്തോളം മലയാളം വിക്കിപീഡിയയെ സജീവമായി വിലനിർത്താൻ പ്രയത്നിച്ചതും. മലയാളം വിക്കിപീഡിയയുടെ ആരംഭകാലത്ത് ഉണ്ടായിരുന്ന അംഗങ്ങളെല്ലാം വിദേശമലയാളികളായിരുന്നു. പക്ഷെ ഇത്രയും ബൃഹത്തായ ഒരു പദ്ധതി ഒന്നോ രണ്ടോ പേർ ചേർന്ന് മുന്നോട്ട് കൊണ്ടു പോകുന്നത് അസാദ്ധ്യമായതിനാൽ മലയാളം വിക്കിപീഡിയയുടെ തുടക്കം വളരെ മന്ദഗതിയിലായിരുന്നു. 2002-ൽ തുടങ്ങിയിട്ടും 2004 വരെ മലയാളം വിക്കിയിൽ കാര്യമായ പുരോഗതിയുണ്ടായില്ല. 2004 മദ്ധ്യത്തോടെ മലയാളം യുണിക്കോഡ് എഴുത്തു സാമഗ്രികൾ സജീവമായിത്തുടങ്ങിയിരുന്നു.

2004 ഡിസംബറിലാണ് മലയാളം വിക്കിപീഡിയയിൽ 100 ലേഖനങ്ങൾ തികയുന്നത്. 2005 മധ്യത്തോടെ പിന്നെയും പുതിയ അംഗങ്ങളെത്തി. മലയാളം വിക്കിപീഡിയയുടെ മുഖ്യതാൾ അണിയിച്ചൊരുക്കപ്പെട്ടു. ലേഖനങ്ങൾ വിഷയാനുസൃതമായി ക്രമീകരിച്ചു തുടങ്ങി. 2005 സെപ്റ്റംബറിൽ മലയാളം വിക്കിപീഡിയയ്ക്ക് ആദ്യത്തെ സിസോപ്പിനെ ലഭിച്ചു. ഇതോടെ സാങ്കേതിക കാര്യങ്ങളിൽ മെറ്റാവിക്കിയിലെ പ്രവർത്തകരെ ആശ്രയിക്കാതെ മലയാളം വിക്കിപീഡിയക്ക് നിലനിൽക്കാം എന്ന സ്ഥിതിയായി.

മലയാളികൾക്ക് മലയാളം ടൈപ്പിങ്ങിലുള്ള അജ്ഞതമൂലം മലയാളം വിക്കിപീഡിയയുടെ വളർച്ച ഇഴഞ്ഞിഴഞ്ഞ് നീങ്ങുകയായിരുന്നു. 2006 ലാണ് ഇതിന് മാറ്റം കണ്ടുതുടങ്ങിയത്. യൂണീക്കോഡ് മലയാളം ഉപയോഗിച്ച് ഗൾഫ് നാടുകളിലും, അമേരിക്കൻ ഐക്യനാടുകളിലും, മറ്റ് മറുനാടുകളിലും ഉള്ള അനേക മലയാളികൾ മലയാളത്തിൽ ബ്ലോഗ് ചെയ്യുവാൻ തുടങ്ങി. ബ്ലോഗിങ്ങിലൂടെ മലയാളം ടൈപ്പിങ് അനായസം പഠിച്ചെടുത്ത ഇവരിൽ പലരുടേയും ശ്രദ്ധ ക്രമേണ വിജ്ഞാനസംഭരണസംരംഭമായ വിക്കിപീഡിയയിലേക്ക് തിരിഞ്ഞു.

അങ്ങനെ കുറച്ച് സജീവ പ്രവർത്തകർ വിക്കിപീഡിയയിലെത്തിയതോടെ ലേഖനങ്ങളുടെ എണ്ണവും ഉള്ളടക്കത്തിന്റെ വൈവിധ്യവും മെച്ചപ്പെട്ടു. 2006 ഏപ്രിൽ 10 ന് മലയാളം വിക്കിപീഡിയയിൽ 500-മത്തെ ലേഖനം പിറന്നു. ലേഖനങ്ങളുടെ എണ്ണം അതേവർഷം സെപ്റ്റംബറിൽ 1000-വും, 2007 ഡിസംബർ 12-ന് 5000 വും, 2009 ജൂൺ 1-ന് 10,000-വും കടന്നു. മലയാളം വിക്കിപീഡിയയിൽ നിലവിൽ (2010 ഒക്ടോബർ) 14,500 ത്തിൽ പരം ലേഖനങ്ങളുണ്ട്.

## 12. മറ്റ് ഇന്ത്യൻ ഭാഷാ വിക്കിപീഡിയകളുമായി താരതമ്യം ചെയ്യുമ്പോൾ മലയാളം വിക്കിപീഡിയയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?

മലയാളികൾ എന്ന നിലയിൽ നമുക്കഭിമാനിക്കാവുന്ന നിരവധി പ്രത്യേകതകൾ മലയാളം വിക്കിപീഡിയയ്ക്കുണ്ട്.

മറ്റ് ഇന്ത്യൻ ഭാഷകളിലുള്ള വിക്കിപീഡിയകളുമായി താരതമ്യം ചെയ്യുമ്പോൾ മലയാളം വിക്കിപീഡിയയുടെ ചില പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

- ഏറ്റവും അധികം തിരുത്തലുകൾ നടന്ന ഇന്ത്യൻ ഭാഷാ വിക്കിപീഡിയ (9 ലക്ഷത്തിലധികം)
- ഒരു ലേഖനത്തിന് ഏറ്റവുമധികം പതിപ്പുകളുള്ള ഇന്ത്യൻ ഭാഷാ വിക്കിപീഡിയ (30-ൽ അധികം)
- ആദ്യമായി സിഡി പതിപ്പ് പുറത്തിറക്കിയ ഇന്ത്യൻ വിക്കിപീഡിയ. ലോകഭാഷകളിൽ തന്നെ വിക്കിപീഡിയ സി.ഡി പുറത്തിറക്കുന്ന ആറാമത്തെ വിക്കിപീഡിയ ആണ് മലയാളം.
- ഏറ്റവും അധികം സജീവ ഉപയോക്താക്കൾ ഉള്ള ഇന്ത്യൻ ഭാഷാ വിക്കിപീഡിയ
- വിക്കിമീഡിയ സ്റ്റ്യുവാർഡ് തിരഞ്ഞെടുപ്പിൽ വിജയിച്ച ഏക ഇന്ത്യൻ വിക്കി സമൂഹം
- ഏറ്റവും അധികം ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യപ്പെട്ട ഇന്ത്യൻ ഭാഷാ വിക്കിപീഡിയ

അങ്ങനെ നിരവധി ഗുണനിലവാര മാനകങ്ങളിൽ മലയാളം വിക്കിപീഡിയ മറ്റ് ഇന്ത്യൻ ഭാഷാവിക്കിപീഡിയകളേക്കാൾ വളരെ മുൻപിലാണ്. ലേഖനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ മാത്രമാണ് മറ്റ് ചില ഇന്ത്യൻ ഭാഷാവിക്കിപീഡിയകളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മൾ പിന്നിൽ. അത് പക്ഷെ ധാരാളം പുതിയ ഉപയോക്താക്കൾ മലയാളം വിക്കിപീഡിയയിൽ എത്തി, നിരവധി പുതിയ വിഷയങ്ങളിൽ ലേഖനങ്ങൾ തുടങ്ങുമ്പോൾ തീരുന്ന പ്രശ്നമേ ഉള്ളൂ. അതിനാൽ നമ്മൾ കൂടുതൽ മെച്ചപ്പെടണമെങ്കിൽ മലയാളം വിക്കിസമൂഹം കൂടുതൽ വളരണം.

## 13. എനിക്ക് മലയാളം വിക്കിപീഡിയയിൽ എഴുതണമെന്നുണ്ട്. പക്ഷേ മലയാളം ടൈപ്പിംഗ് അറിയില്ല. ഞാനെന്ത് ചെയ്യും?

മലയാളം ടൈപ്പ് ചെയ്യാൻ ധാരാളം മാർഗ്ഗങ്ങളുണ്ട്. ബാഹ്യ ഉപകരണങ്ങളുടെ സഹായമില്ലാതെ മലയാളം എഴുതുവാനുള്ള ഒരു സംവിധാനം മലയാളം വിക്കിപീഡിയയിൽ ഒരുക്കിയിട്ടുണ്ട്. ഇത് കൂടാതെ, മലയാളം ടൈപ്പ് ചെയ്യാൻ മറ്റ് ബാഹ്യ ഉപകരണങ്ങളുടെ സഹായവും താങ്കൾക്ക് തേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഈ പുസ്തകത്തിന്റെ അവസാനം ചേർത്തിരിക്കുന്ന **മലയാളം ടൈപ്പിങ്ങ്** ഉപകരണങ്ങളെക്കുറിച്ചുള്ള വിഭാഗം കാണുക.

## 14. എനിക്ക് ഇംഗ്ലീഷ് നന്നായി അറിയാം. ഇന്റർനെറ്റും നന്നായി ഉപയോഗിക്കാൻ അറിയാം. എനിക്ക് ആവശ്യമുള്ള കാര്യങ്ങൾ ഇംഗ്ലീഷ് വിക്കിപീഡിയയിൽ നിന്ന് ലഭിക്കുന്നുണ്ട്. സംഭാവന ചെയ്യാൻ ഉദ്ദേശമുണ്ടെങ്കിൽ ഞാൻ ഇംഗ്ലീഷിൽ വിക്കിപീഡിയയിൽ ചെയ്താൽ പോരേ? ഞാനെന്തിന് മലയാളം വിക്കിസംരംഭങ്ങളിൽ സംഭാവന ചെയ്യണം?

മറ്റ് ഭാഷകൾ എത്ര നന്നായി അറിയാമെങ്കിലും താങ്കൾ മലയാളിയല്ലാതാകുന്നില്ലല്ലോ. അതുകൊണ്ട് തന്നെ സ്വന്തം മാതൃഭാഷയോട് താങ്കൾക്ക് ഉത്തരവാദിത്വം ഉണ്ട്. താങ്കൾക്ക് ഇംഗ്ലീഷിലുള്ള പ്രാവീണ്യം പലയിടങ്ങളിൽ നിന്ന് കൂടുതൽ വിവരങ്ങൾ സമ്പാദിക്കാനും അവ മാതൃഭാഷയിൽ പുനഃപ്രസിദ്ധീകരിക്കാനും മലയാളം വിക്കിപീഡിയ അവസരം നൽകുന്നു. മലയാളം മാത്രമറിയുന്ന ഒരു വ്യക്തിക്കും, മലയാള ഭാഷയിൽ വൈജ്ഞാനിക വിഷയങ്ങൾ വായിക്കാൻ താല്പര്യമുള്ള മറ്റുള്ളവർക്കും വിജ്ഞാനം പകരുവാൻ കഴിയുന്നത് താങ്കൾക്കും സന്തോഷകരമല്ലേ! അത്തരം പ്രവർത്തനത്തിൽ പങ്കാളിയാകുമ്പോൾ താങ്കളുടെ സ്വന്തം അറിവും വർദ്ധിക്കുന്നതാണ്. കാരണം അറിവ് പകർന്ന് കൊടുക്കുമ്പോൾ വർദ്ധിക്കുമല്ലോ. താങ്കൾ ഇംഗ്ലീഷ് വിക്കിപീഡിയയിൽ സംഭാവന ചെയ്യുന്നുണ്ടെങ്കിൽ മലയാളം വിക്കിപീഡിയയിൽ സംഭാവന ചെയ്യാൻ തുടങ്ങുന്നതോടെ അതാരും തടയാനും പോകുന്നില്ല.

ഒരു സർവ്വവിജ്ഞാനകോശത്തിന്റെ സ്ഥാനമാണ് മലയാളം വിക്കിപീഡിയയ്ക്ക് ഉള്ളത്. വിജ്ഞാനം സ്വന്തം ഭാഷയിൽ തന്നെ വേണം എന്നത് ഭാഷയുടെ വളർച്ചയുടെ ആവശ്യമാണ്. ഇതിനൊക്കെ അപ്പുറം കേരളീയർ/മലയാളികൾ എന്ന നിലയിലുള്ള നമ്മുടെ സംസ്കാരത്തിന്റേയും തനിമയുടേയും ഒക്കെ സൂക്ഷിപ്പ് കൂടിയാണ് മലയാളം വിക്കിസംരംഭങ്ങൾ ലക്ഷ്യം വെക്കുന്നത്.

## 15. എനിക്കുള്ള അറിവ് ഞാൻ വളരെ പണം ചിലവഴിച്ച് നേടിയതാണ്. മലയാളം വിക്കികളിൽ കൂടെ ഞാൻ അതൊക്കെ പങ്ക് വെച്ചാൽ എനിക്കെന്തെങ്കിലും സാമ്പത്തികമായ ലാഭം കിട്ടുമോ?

വിക്കിപീഡിയയിൽ പ്രവർത്തിക്കുന്നത് വഴി താങ്കൾക്ക് യാതൊരുവിധ സാമ്പത്തികലാഭവും കിട്ടില്ല. വിജ്ഞാനം പകരുക വഴി വർദ്ധിക്കുന്നു എന്ന പഴഞ്ചൊല്ല് പ്രാവർത്തികമാക്കുകയാണ് വിക്കിപീഡിയയിലൂടെ താങ്കൾക്ക് ചെയ്യാനാകുന്നത്. വിദ്യ കൊടുക്കും തോറും ഏറീടും എന്നാണല്ലോ. പണം ചിലവഴിച്ച് താങ്കൾ നേടിയ വിജ്ഞാനം പങ്കുവെക്കാതിരിക്കുന്നത് വഴി അത് നഷ്ടപ്പെടുത്തുയും ഉള്ള അറിവിനെ മുരടിപ്പിച്ച് കളയുകയുമാണ് താങ്കൾ ചെയ്യുന്നത്.

## 16. വിക്കിപീഡിയയിൽ എന്തൊക്കെ എഴുതാം, എന്തൊക്കെ എഴുതരുത് എന്നതിനെക്കുറിച്ച് നിബന്ധനകൾ വല്ലതും ഉണ്ടോ ?

വൈജ്ഞാനിക സ്വഭാവമുള്ള ഏത് വിഷയത്തെക്കുറിച്ചും വിക്കിപീഡിയയിൽ ലേഖനം എഴുതാമെങ്കിലും ഇക്കാര്യത്തിൽ വിക്കിപീഡിയയിൽ കുറച്ച് നയങ്ങൾ ഉണ്ട്. ആ നയങ്ങൾ പാലിച്ച് കൊണ്ട് ഏത് വിഷയത്തെ കുറിച്ചും താങ്കൾക്ക് വിക്കിപീഡിയയിൽ ലേഖനം എഴുതാം. ഏതൊക്കെ വിഷയങ്ങൾ ഒഴിവാക്കണം എന്നറിയാൻ മലയാളം വിക്കിപീഡിയയിലെ വിക്കിപീഡിയ എന്തൊക്കെയല്ല എന്ന മാർഗ്ഗരേഖ കാണുക.

## 17. ഞാനെഴുതിത്തുടങ്ങിയ ഒരു ലേഖനം എന്റെ അറിവോ സമ്മതോ കൂടാതെ മറ്റുപലരും തിരുത്തുന്നു. ഇതെന്തുകൊണ്ടാണ്? മലയാളം വിക്കിപീഡിയയിൽ ഞാൻ തുടങ്ങിവെച്ച ലേഖനം എന്റെ സ്വന്തമല്ലേ?

വിക്കിപീഡിയയിലെ ലേഖനങ്ങൾ ആരുടേയും സ്വന്തമല്ല. താങ്കൾ എഴുതിയ ഒരു ലേഖനം മറ്റൊരാൾ തിരുത്തരുത് എന്ന് നമുക്കൊരിക്കലും നിർബന്ധം പിടിക്കാനും സാധിക്കില്ല/കഴിയില്ല. ഇത് വിക്കിപീഡിയ - ഒരു സ്വതന്ത്ര വിജ്ഞാനകോശം എന്ന നിർവ്വചനത്തിന് തന്നെ ചേരുന്നതല്ല. ലേഖനം സ്വതന്ത്രമാണ്. ആർക്കും അത് തിരുത്താനവകാശമുണ്ട്. പക്ഷേ, ആധികാരികമല്ലാത്ത അല്ലെങ്കിൽ തെറ്റായ വിവരങ്ങൾ ലേഖനങ്ങളിൽ ചേർക്കുന്നത് ശരിയല്ല. അത് തടയാൻ വിക്കിപീഡിയക്ക് നയങ്ങളും മാർഗ്ഗരേഖകളും ഉണ്ട്.

## 18. വിക്കിപീഡിയയിൽ ലേഖനങ്ങൾ നിരന്തരം തിരുത്തപ്പെടുക ആണെങ്കിൽ അവയുടെ ആധിതകാരികത ഉറപ്പുവരുത്തുന്നത് എങ്ങനെയാണ്?

വിക്കിപീഡിയക്ക് അതിന്റേതായ നയങ്ങളും മാർഗ്ഗരേഖകളുമുണ്ട്. ഒരു ലേഖനത്തിൽ വിവരങ്ങൾ ചേർക്കുന്നതിന് വിക്കിപീഡിയ നിർവ്വചിക്കുന്ന ആധികാരികമായ സ്രോതസ്സുകളിൽ നിന്നുള്ള തെളിവുകൾ വേണമെന്നത് നിർബന്ധമാണ്.

## 19. ഞാനെഴുതിയ ഒരു ലേഖനത്തിൽ മറ്റാരെങ്കിലും ആധികാരികമല്ലാത്ത വിവരങ്ങൾ കുത്തിനിറച്ചാൽ അതെങ്ങനെ മനസ്സിലാക്കാം? ഒഴിവാക്കാം?

താങ്കൾ മാറ്റം വരുത്തിയ ലേഖനങ്ങൾ അല്ലെങ്കിൽ താങ്കൾക്ക് താൽപ്പര്യമുള്ള ലേഖനങ്ങളിലെ മാറ്റങ്ങൾ ശ്രദ്ധിക്കുവാനുള്ള സൗകര്യം വിക്കി സോഫ്റ്റ്‌വെയർ തരുന്നുണ്ട്. ഓരോ താളിലേയും നാൾ വഴി എന്ന ടാബ് ഉപയോഗിച്ച് ആരൊക്കെ എന്തൊക്കെ മാറ്റങ്ങൾ ആണ് വരുത്തിയതെന്ന് മനസ്സിലാക്കാനുള്ള സൗകര്യവും

വിക്കി സോഫ്റ്റ്‌വെയർ തരുന്നു. വിവരങ്ങൾ തെറ്റായി നൽകിയിട്ടുണ്ടെങ്കിൽ താങ്കൾക്ക് അത് ഉടൻ തിരുത്താവുന്നതാണ്. ഇങ്ങിനെ കൂട്ടായ്മയിലൂടെയും നിരന്തര തിരുത്തലുകളിലൂടെയുമാണ് കുറ്റമറ്റതും, ആധികാരികതയുള്ളതും, മികച്ചതുമാകുന്നതുമായ വിക്കി ലേഖനങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.

## 20. ആർക്കും തിരുത്താവുന്ന വിക്കിപീഡിയയിലെ ലേഖനങ്ങളുടെ ഗുണങ്ങളും കോട്ടങ്ങളും വിവരിക്കാമോ?

വലിയൊരു സംഘം സന്നദ്ധസേവകരാണ് വിക്കിപീഡിയയിലെ ലേഖനങ്ങൾ തയ്യാറാക്കുന്നത്. ചിലർക്ക് അനേകം വിജ്ഞാനശകലങ്ങൾ കൈമുതലായുണ്ടാവും, ചിലർക്ക് അസാമാന്യമായ ഭാഷാസ്വാധീനമുണ്ടാവും. വിജ്ഞാനശകലങ്ങൾ ചേർക്കുന്നവർക്കുണ്ടായേക്കാവുന്ന ഭാഷാപരമായ തെറ്റുകൾ ഭാഷയിൽ സ്വാധീനമുള്ള ലേഖകർ ശരിയാക്കുന്നു. അങ്ങിനെ നിരവധിപേരുടെ നിരന്തരമായ തിരുത്തലുകൾക്കൊടുവിൽ നല്ല വിക്കിപീഡിയ ലേഖനങ്ങൾ ഉണ്ടാകുന്നു.

നന്മയുടേയും സത്യത്തിന്റേയും ആത്യന്തികവിജയം എന്ന പ്രതീക്ഷയിലാണ് മനുഷ്യകുലവും പരിണാമകുലയും മുന്നേറിക്കൊണ്ടിരിക്കുന്നത്. ഇത് വിക്കിപീഡിയയെക്കുറിച്ചും സത്യമാണ്. ഈ ലോകത്ത് ശരിയായി എഴുതുന്നവർ തെറ്റിച്ച് എഴുതുന്നവരേക്കാൾ കൂടുതൽ ആണെന്ന (തെറ്റായി എഴുതുന്നതിനെ ശരിയാക്കുന്നവർ എന്ന് പറഞ്ഞാൽ കൂടുതൽ ശരിയാകും) യാഥാർത്ഥ്യം മാത്രം അറിഞ്ഞാൽ ലളിതമായ ഉത്തരമായി.

ബഹുഭൂരിപക്ഷം ആൾക്കാരും മറ്റുള്ളവർക്ക് സഹായം ചെയ്യാനാണ് ആഗ്രഹിക്കുന്നത്. അത്തരത്തിലുള്ള ഒരു സമൂഹത്തിലേയ്ക്ക് ദോഷം ചെയ്യണമെന്ന മനഃപൂർവ്വ ഉദ്ദേശത്തോടെ ഒരാൾ കടന്ന് വന്നാൽ പെട്ടന്ന് തിരിച്ചറിയാൻ കഴിയുന്നതാണ്. വിവരങ്ങൾ വ്യക്തമായ അവലംബങ്ങളോടെ ചേർക്കണമെന്നാണ് വിക്കിപീഡിയയുടെ നയം. ഇത് ലേഖനങ്ങളുടെ ആധികാരികത സ്വയം ഉറപ്പാക്കുന്നു. ആർക്കും തിരുത്താം എന്ന സ്വാതന്ത്ര്യം, പരീക്ഷണ കുതുകിയായ ഒരുപയോക്താവിനോ, ദോഷം ചെയ്യണം എന്ന മനഃപൂർവ്വ ഉദ്ദേശത്തോടെ വരുന്ന ഒരാൾക്കോ ലേഖനത്തിൽ കോട്ടങ്ങൾ വരുത്തുവാൻ അവസരം ഒരുക്കുന്നുണ്ടെന്ന് സമ്മതിക്കുന്നു. പക്ഷേ അങ്ങനെയുള്ള നശീകരണ പ്രവർത്തനങ്ങൾ ഒരിക്കലും ലേഖനത്തിൽ സ്ഥിരമായി നിലനിൽക്കാറില്ല. മിക്കവാറും തൊട്ടടുത്ത മിനിട്ടുകളിൽ തന്നെ അത്തരം പ്രവൃത്തികൾ നീക്കം ചെയ്യപ്പെടാറുണ്ട്.

## 21. വിക്കിപീഡിയ ലേഖനങ്ങൾ എത്രത്തോളം ആധികാരികമാണ്?

വിക്കിപീഡിയ തുടങ്ങിയ കാലത്ത് അതൊരു മഹാപ്രസ്ഥാനമായി മാറുമെന്ന് ആരും വിചാരിച്ചിരുന്നില്ല. എന്നാലിന്ന്, ഉള്ളടക്കത്തിന്റെ ഗുണനിലവാരത്തിന്റെ കാര്യത്തിൽ ബ്രിട്ടാണിക്ക എൻസൈക്ലോപീഡിയയോടൊപ്പം നിൽക്കുന്ന വിജ്ഞാനകോശമായി വിക്കിപീഡിയ മാറിക്കഴിഞ്ഞു എന്ന് ശാസ്ത്രലോകത്തെ ഏറ്റവും പേരുകേട്ട മാസികയായ നേച്ചർ ശാസ്ത്രീയ രീതികളുപയോഗിച്ച്

സ്ഥിരീകരിച്ചു. അതിങ്ങനെയാണ് നേച്ചർ ചെയ്തത്; ബ്രിട്ടാണിക്കയിലേയും വിക്കിപീഡിയയിലേയും ലേഖനങ്ങൾ എവിടെ നിന്നെടുത്തതാണെന്നറിയിക്കാതെ അതാത് വിഷയങ്ങളിലെ വിദഗ്ദ്ധരെ കാണിച്ചു. അവർ അവയിലെ തെറ്റുകളും കുറവുകളും രേഖപ്പെടുത്തി. അവസാനം ഒത്തുനോക്കിയപ്പോൾ രണ്ടിന്റേയും വിവിധ വിഷയങ്ങളിലെ ശരാശരി സ്കോർ ഒപ്പത്തിനൊപ്പം!

## 22. വിക്കിപീഡിയയിൽ വസ്തുതാ പരമായ ചില തെറ്റുകൾ ഞാൻ കണ്ടു. ഞാൻ ഇതിനെ പറ്റി ഒരു ലേഖനം പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനെ കുറിച്ച് വിക്കിപീഡിയർ എന്ത് പറയുന്നു?

വിക്കിപീഡിയയെ പരമ്പരാഗത വിജ്ഞാനസ്രോതസ്സുകൾക്ക് തുല്യമായി കാണുന്നതു കൊണ്ടാണ് ഇങ്ങനെയൊരു സംശയമുണ്ടായത്. താങ്കൾക്ക് പരിചയമുള്ള എല്ലാ മാദ്ധ്യമങ്ങളിൽ നിന്നും വ്യത്യസ്തമാണ് വിക്കിപീഡിയ. പത്രങ്ങളോ, പുസ്തകങ്ങളൊ, ബ്ലോഗോ, ടി.വി.യോ എന്തുമാകട്ടെ പ്രസ്തുത മാദ്ധ്യമങ്ങളിൽ വരുന്ന വസ്തുതാപരമായ തെറ്റുകൾ തിരുത്താനും പറ്റിയ വേദികളിൽ ഉന്നയിക്കാനും അവ തിരുത്താനുമുള്ള അവകാശവും അധികാരവും മിക്കപ്പോഴും താങ്കൾക്കില്ല. എന്നാൽ ആർക്കും തിരുത്താവുന്ന സ്വതന്ത്രവിജ്ഞാനകോശമായ വിക്കിപീഡിയയുടെ കാര്യം അങ്ങിനെയല്ല. വിക്കിപീഡിയ സ്വതന്ത്രവും ആർക്കും തിരുത്താവുന്നതുമാണ്. വസ്തുതാപരമായ തെറ്റ് കണ്ടാൽ അത് വിക്കിപീഡിയയിൽ വന്ന് നേരിട്ട് തിരുത്താനുള്ള അധികാരവും അവകാശവും വിക്കിപീഡിയ താങ്കൾക്ക് തരുന്നു. അതിനാൽ താങ്കൾക്ക് കൂടെ ഉത്തരവാദിത്വവും അധികാരവും ഉള്ള വിക്കിപീഡിയയിൽ നേരിട്ട് തിരുത്താൻ അവസരമുള്ളപ്പോൾ അതിലെ തെറ്റുകളെപ്പറ്റി ലേഖനം എഴുതുന്നത് അപഹാസ്യമല്ലേ. മാത്രമല്ല ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടവും അല്ലേ.

വിക്കിപീഡിയ ലേഖനത്തിലെ തെറ്റുകളെ കുറിച്ച് ഒരു ലേഖനം എഴുതുന്നതിലും എഴുതുന്നതിലും എത്രയോ എളുപ്പമാണ് ലേഖനം തിരുത്തി തെറ്റുകൾ നീക്കം ചെയ്യുന്നത്. വിക്കിപീഡിയയിലെ ഒരു ലേഖനവും ആദ്യം തന്നെ സമഗ്രവും സമ്പൂർണ്ണം ശരിയുമായിട്ട് പിറക്കുന്നതല്ല. ഓരോരുത്തരും എഴുതിയും തിരുത്തിയും ഉരുത്തിരിഞ്ഞു വരുന്നതാണ്. അതുകൊണ്ട് ലേഖനത്തിലെ തെറ്റുകളെ കുറിച്ച് മറ്റെവിടെയെങ്കിലും പ്രസിദ്ധീകരിക്കുന്നതിലും നല്ലത് വിക്കിപീഡിയയിൽ തന്നെ തിരുത്തി ശരിയാക്കുന്നതാണ്.

## 23. വിക്കിപീഡിയക്ക് പുറമേയുള്ള വിക്കി സംരംഭങ്ങൾ ഏതൊക്കെയാണ്?

വിക്കിപീഡിയ എന്ന ഓൺലൈൻ വിജ്ഞാനകോശത്തിന്റെ അത്ഭുതപൂർവ്വമായ വളർച്ചയെത്തുടർന്ന് വിക്കിമീഡിയ ഫൗണ്ടേഷൻ ഇതര വിവരശേഖരണ മേഖലകളിലേക്കും ശ്രദ്ധതിരിച്ചു. സ്വതന്ത്ര ബഹുഭാഷാ നിഘണ്ടുവായ വിക്ഷ്ണറി, പൊതു സഞ്ചയത്തിലുള്ള അല്ലെങ്കിൽ സ്വതന്ത്രപകർപ്പവകാശമുള്ള പുസ്തകങ്ങൾ ശേഖരിച്ചുവയ്ക്കുന്ന വിക്കിസോഴ്സ്, പഠനസഹായികളും മറ്റും ചേർക്കുന്ന വിക്കിബുക്ക്സ്, സിറ്റിസൺ ജേണലിസത്തെ പ്രോത്സാഹിപ്പിക്കുന്ന വിക്കിന്യൂസ്,

ഓൺലൈൻപരിശീലനം നൽകുന്ന വിക്കിവാഴ്സിറ്റി , ചൊല്ലുകൾ ശേഖരിച്ചുവയ്ക്കുന്ന വിക്കിക്വോട്ട്സ് എന്നിങ്ങനെ ഒട്ടേറെ സഹോദര സംരംഭങ്ങൾ വിക്കിപീഡിയയ്ക്കുണ്ട്.

ഇതിൽ വിക്കിസോഴ്സ് മലയാളത്തിൽ വിക്കിഗ്രന്ഥശാല എന്ന പേരിലും, വിക്ഷ്ണറി വിക്കിനിഘണ്ടു എന്ന പേരിലും, വിക്കിബുക്സ് വിക്കിപാഠശാല എന്ന പേരിലും വിക്കിക്വോട്സ് വിക്കിചൊല്ലുകൾ എന്ന പേരിലും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ മലയാളത്തിൽ ശൈശവദശയിലാണെന്നു പറയാം. മേൽപ്പറഞ്ഞ എല്ലാ വിക്കിസംരംഭങ്ങൾക്കും മലയാളത്തിൽ ഏറെ പ്രസക്തിയുണ്ട്.

## 24. ഏതൊക്കെ മലയാളം വിക്കിസംരംഭങ്ങളാണ് നിലവിൽ സജീവമായിരിക്കുന്നത്?

**വിക്കിപീഡിയ (http://ml.wikipedia.org)**

ഏറ്റവും പ്രധാനവും സജീവവും ആയിരിക്കുന്നത് സൗജന്യവും സ്വതന്ത്രവുമായ സർവ്വവിജ്ഞാനകോശമായ മലയാളം വിക്കിപീഡിയയാണ്. മലയാളം വിക്കിപീഡിയയെ കുറിച്ച് ധാരാളം കാര്യങ്ങൾ താങ്കൾ ഇതിനകം തന്നെ മുൻചോദ്യങ്ങളിൽ നിന്ന് മനസ്സിലാക്കിയല്ലോ. മലയാളം വിക്കിപീഡിയക്ക് താഴെ പറയുന്ന സഹോദര സംരംഭങ്ങളുമുണ്ട്.

**വിക്കിഗ്രന്ഥശാല (http://ml.wikisource.org)**

പകർപ്പവകാശനിബന്ധനകളില്ലാത്ത കൃതികൾ ശേഖരിച്ച് വെയ്ക്കുന്ന വിക്കിയാണ് വിക്കിഗ്രന്ഥശാല. പകർപ്പവകാശപരിധിയിൽ വരാത്ത പ്രാചീനകൃതികൾ, പകർപ്പവകാശ കാലാവധി കഴിഞ്ഞ കൃതികൾ, പകർപ്പവകാശത്തിന്റെ അവകാശി പൊതുസഞ്ചയത്തിൽ ആക്കിയ കൃതികൾ എന്നിങ്ങനെ മൂന്ന് തരം കൃതികളാണ് വിക്കിഗ്രന്ഥശാലയിൽ ലഭ്യമാകുക. ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന മലയാളകൃതികൾ, മറ്റ് ഭാഷകളിലെ കൃതികളുടെ മലയാളലിപ്യന്തരണങ്ങൾ എന്നിവ വിക്കിഗ്രന്ഥശാലയിലേക്ക് കൂട്ടിച്ചേർക്കാവുന്നതാണ്.

2006 മാർച്ച് 29-നാണ് വിക്കിഗ്രന്ഥശാലയുടെ തുടക്കം. പൂന്താനത്തിന്റെ ജ്ഞാനപ്പാനയാണ് ആദ്യമായി വിക്കിഗ്രന്ഥശാലയിൽ ചേർത്ത് തുടങ്ങിയത്. ആ വർഷംതന്നെ അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ഗ്രന്ഥശാലയിലാക്കുന്ന പ്രവർത്തനം ആരംഭിച്ചു. 2008-2009-ൽ സത്യവേദപുസ്തകം, ഖുർആൻ, കേരളപാണിനീയം, ഇന്ദുലേഖ, കൃഷ്ണഗാഥ എന്നിവ സമ്പൂർണ്ണമായി വിക്കിഗ്രന്ഥശാലയിലെത്തിച്ചു. ഇതിനു പുറമേ ശ്രീനാരായണഗുരുവിന്റെ സമ്പൂർണ്ണ കൃതികളും വിക്കിഗ്രന്ഥശാലയുടെ ഭാഗമായി.

കുഞ്ചൻ നമ്പ്യാർ, കുമാരനാശാൻ, ചങ്ങമ്പുഴ, പൂന്താനം, എഴുത്തച്ഛൻ, മേല്പത്തൂർ, തുടങ്ങി നിരവധി പേരുടെ വിവിധ കൃതികൾ ഗ്രന്ഥശാലയിൽ സമാഹരണത്തിന്റെ പ്രാഥമികഘട്ടത്തിലാണ്. ഭാഗവതം കിളിപ്പാട്ട്, നാരായണീയം, ഗീതഗോവിന്ദം, ഋഗ്വേദം തുടങ്ങിയവ അപൂർണ്ണമായി നിൽക്കുന്നു. അറബിമലയാളത്തിലെ ആദ്യകാവ്യമായി കരുതപ്പെടുന്ന ഖാസി മുഹമ്മദിന്റെ മുഹ്‌യുദ്ദീൻ മാലയും , കെ.വി. സൈമൺ, പി.എം. കൊച്ചുകുറു, പി.വി. തൊമ്മി, മോശവത്സലം, വി. നാഗൽ,

കൊച്ചുകുഞ്ഞുപദേശി തുടങ്ങിയവരുടെ ക്രിസ്തീയകീർത്തനങ്ങളും ആണ് വിക്കിഗ്രന്ഥശാലയുടെ അപൂർവത. ത്യാഗരാജകൃതികൾ, സ്വാതിതിരുനാൾ കൃതികൾ, ഉള്ളൂർ കൃതികൾ എന്നിവയും വിക്കിഗ്രന്ഥശാലയിലെത്തിക്കാനുള്ള ശ്രമം നടന്നുവരുന്നു.

അച്ചടിയുടെ കാലത്തിനുമുമ്പ് വിശിഷ്ടഗ്രന്ഥങ്ങൾ ഒരു ചുരുങ്ങിയ വിഭാഗത്തിന്റെ കയ്യിലേക്കും മനസ്സിലേക്കും ഒതുങ്ങിയിരുന്നു. അവ ഭൂരിപക്ഷത്തിന് അപ്രാപ്യമായിയിരുന്നു. അച്ചടി ഇക്കാര്യത്തിൽ സമഗ്രമായ മാറ്റമുണ്ടാക്കി. എന്നാലിന്ന് പുസ്തകങ്ങളുടെ വർദ്ധനവ് പല കൃതികളെയും വീണ്ടും അലഭ്യമാക്കിയിരിക്കുന്നു. ഉല്പാദനത്തിന്റെ ചെലവും ലാഭേച്ഛയും ലഭ്യമായ പുസ്തകങ്ങളെക്കൂടി സാധാരണക്കാരിൽനിന്ന് അകറ്റുകയാണ്. പഴയ കൃതികളുടെ പുനർമുദ്രണം ചുരുക്കമായി നടക്കുന്നുണ്ടെങ്കിലും കഴിഞ്ഞ കാലത്തെ കൃതികൾ സമസ്തവും പ്രസിദ്ധീകരിക്കുക അച്ചടിമേഖലയ്ക്ക് അസാദ്ധ്യം തന്നെ. അച്ചടി ഉയർത്തുന്ന പാരിസ്ഥിതികപ്രശ്നങ്ങളും ചെറുതല്ല. ഈ അവസരത്തിലാണ് വിക്കിഗ്രന്ഥശാല പ്രസക്തമാകുന്നത്. പകർപ്പവകാശത്തിനുപുറത്തുള്ള എല്ലാ കൃതികളും - മതം, ശാസ്ത്രം, സാഹിത്യം, തത്ത്വചിന്ത, വൈദ്യം, വ്യാകരണം - എന്തുമാകട്ടെ - മലയാളിക്ക് പ്രാപ്യമാക്കുക എന്നതാണ് വിക്കിഗ്രന്ഥശാലയുടെ ലക്ഷ്യം. മലയാളത്തിൽ ചീരാമകവിയുടെ രാമചരിതം മുതൽ ഉള്ളൂരിന്റെ കേരളസാഹിത്യചരിത്രം വരെയുള്ള ഗ്രന്ഥങ്ങൾ വിരൽത്തുമ്പിൽ - സ്വതന്ത്രവും സൌജന്യവുമായി- എത്തുക എന്നത് ഏതൊരു ഭാഷാ-സാഹിത്യപഠിതാവിനും ആഹ്ലാദകരമാണ്. അതിനുള്ള ഭൂമികയാണ് ഗ്രന്ഥശാല. ഓരോരുത്തരും തന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്താൽ ഈ ആഹ്ലാദം അകലെയല്ല.

ആവശ്യത്തിന് സന്നദ്ധസേവകർ ഇല്ല എന്നതാണ് മലയാളം വിക്കിഗ്രന്ഥശാല നേരിടുന്ന പ്രതിസന്ധി. വിക്കിഗ്രന്ഥശാലയെക്കുറിച്ച് കൂടുതൽ അവബോധമുണ്ടാകുന്നതിലൂടെ ഇത് പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷ. പ്രാചീനഗ്രന്ഥങ്ങളെ പൊതുജന വിഭവം ആയി ലഭ്യമാക്കാൻ കേരളാ സർക്കാരും വിക്കിഗ്രന്ഥശാലയും കൈകോർക്കുകയാണെങ്കിൽ സമഗ്രഗ്രന്ഥശേഖരം എന്ന സ്വപ്നം സാർത്ഥകമാകും.

**വിക്കിനിഘണ്ടു (http://ml.wiktionary.org)**

വാക്കുകളുടെ നിർവചനങ്ങൾ, പര്യായങ്ങൾ, വിപരീതപദങ്ങൾ, മാതൃകാ ഉദ്ധരണികൾ, എന്നിവയടങ്ങുന്ന ഒരു സ്വതന്ത്ര ബഹുഭാഷാ നിഘണ്ടു സൃഷ്ടിക്കുവാനുള്ള പദ്ധതിയാണ് മലയാളം വിക്കിനിഘണ്ടു. മലയാളം വാക്കുകൾക്ക് തുല്യമായ ഇതരമലയാള പദങ്ങളും അതേ പോലെ അന്യഭാഷാ പദങ്ങളുടെ മലയാളത്തിലുള്ള അർത്ഥവും ചേർത്ത് നിരവധി പേർ ഈ സംരംഭത്തിനുവേണ്ടി പ്രവർത്തിക്കുന്നു. നിലവിൽ ഏതാണ്ട് 60,000 ത്തോളം പദങ്ങളുടെ നിർവചനമാണ് വിക്കിനിഘണ്ടുവിലുള്ളത്. മലയാള വാക്കുകളുടേതിന് പുറമേ ഇംഗ്ലീഷ്, ജാപ്പനീസ്, കൊറിയൻ, ഹിന്ദി, തമിഴ്, ചൈനീസ് എന്നീ ഭാഷകളിലെ വാക്കുകളും അവയുടെ മലയാളത്തിലുള്ള നിർവചനവും ഈ വിക്കിയിലുണ്ട്.

**വിക്കിപാഠശാല (http://ml.wikibooks.org)**

പാഠപുസ്തകങ്ങൾ, മത്സരപ്പരീക്ഷാ സഹായികൾ, വിനോദയാത്രാ സഹായികൾ, പഠനസഹായികൾ എന്നിവ ചേർക്കുന്ന വിക്കിയാണ് വിക്കിപാഠശാല.

**വിക്കിചൊല്ലുകൾ (http://ml.wikiquote.org)**

പഴഞ്ചൊല്ലുകൾ, കടംകഥകൾ, പ്രസിദ്ധരായ വ്യക്തികളുടെ മൊഴികൾ, പ്രസിദ്ധമായ പുസ്തകങ്ങൾ/പ്രസിദ്ധീകരണങ്ങൾ എന്നിവയിലുള്ള ഉദ്ധരണികൾ, തുടങ്ങിയവയൊക്കെ ശേഖരിക്കുന്ന വിക്കിയാണ് വിക്കിചൊല്ലുകൾ.

## 25. വിക്കി എഡിറ്റിങ്ങിനെ കുറിച്ചോ, മലയാളം വിക്കിപീഡിയയെ കുറിച്ചോ, മറ്റ് വിക്കി സരംഭങ്ങളെക്കുറിച്ചോ സംശയം ഉണ്ടാവുകയാണെങ്കിൽ ഞാൻ ആരെ സമീപിക്കണം. എനിക്കുള്ള സഹായം എങ്ങനെ ലഭ്യമാകും?

മിക്കവാറും എല്ലാ കാര്യത്തിനുമുള്ള സഹായം വിക്കിപീഡിയയിലെ വിവിധ സഹായതാളുകളിൽ ലഭ്യമാണ്. അവിടെ നിന്ന് സഹായം ലഭിച്ചില്ലെങ്കിൽ wiki.malayalam@gmail.com എന്ന മെയിൽ വിലാസത്തിലേക്ക് സഹായം ആഭ്യർത്ഥിച്ച് കൊണ്ട് താങ്കൾക്ക് മെയിൽ അയക്കാവുന്നതണ്.

## 26. എനിക്ക് ഇംഗ്ലീഷ് വിക്കിപീഡിയയിൽ അംഗത്വമുണ്ട്. അതേ ലോഗിൻ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് മലയാളം വിക്കി സംരഭങ്ങളിലും ലോഗിൻ ചെയ്യാൻ സാധിക്കുമോ? എങ്കിൽ എങ്ങനെ?

അതിന് സാധിക്കും. അതിനായി താങ്കളുടെ ആഗോള വിക്കിഅംഗത്വം പ്രാവർത്തികമാക്കണം. കൂടുതൽ വിവരത്തിനായി വിക്കിയിലെ ആഗോള അംഗത്വത്തെ കുറിച്ചുള്ള സഹായത്താൾ കാണുക. കൂടുതൽ സഹായം ആവശ്യമെങ്കിൽ wiki.malayalam@gmail.com എന്ന വിലാസത്തിലേക്ക് ഒരു മെയിൽ അയക്കുക.

## 27. വിക്കിപീഡിയയുമായി ബന്ധപ്പെട്ട സംശയങ്ങൾ ചോദിക്കുന്നതിനും അവ പരിഹരിക്കുന്നതിനും ഗൂഗ്ൾ ഗ്രൂപ്പ് പോലെ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ? അതു പോലെ മലയാളം വിക്കിപീഡിയയിലെ എഴുത്തുകാരുമായി ചാറ്റ് ചെയ്യാൻ സാധിക്കുമോ?

മലയാളം വിക്കിസംരംഭങ്ങൾക്ക് സ്വന്തമായി ഒരു മെയിലിങ്ങ് ലിസ്റ്റ് ഉണ്ട്. ഈ ലിസ്റ്റിൽ അംഗത്വം എടുത്താൽ സജീവരായ മലയാളം വിക്കിപീഡിയരുമായി നിങ്ങൾക്ക് സംവദിക്കാവുന്നതാണ്. പ്രസ്തുത ലിസ്റ്റിന്റെ വിലാസം https://lists.wikimedia.org/mailman/listinfo/wikiml-l

ചാറ്റ് ചെയ്യാനായി ഐ.ആർ.സി. ചാറ്റ് എന്ന സംവിധാനം ഉപയോഗിക്കാവുന്നതാണ്. വിശദാംശങ്ങൾക്ക് മലയാളം വിക്കിപീഡിയയിലെ സൈഡ്ബാറിലുള്ള **തൽസമയസംവാദം** എന്ന കണ്ണിയിൽ ഞെക്കി തുറന്ന് വരുന്ന താളിലെ സഹായം വായിക്കുക.

മലയാളം വിക്കി സംരംഭങ്ങളെക്കുറിച്ച് എന്ത് സംശയമുണ്ടെങ്കിലും wiki.malayalam@gmail.com എന്ന വിലാസത്തിലേക്ക് ഒരു മെയിലയച്ച് സഹായം അഭ്യർത്ഥിക്കുക.

# മലയാളം ടൈപ്പിങ്ങ് സഹായം

മറ്റ് ബാഹ്യ ഉപകരണങ്ങളുടെ സഹായമില്ലാതെ വിക്കിയിലേക്ക് നേരിട്ട് മലയാളം ടൈപ്പ് ചെയ്യുന്നതിനുള്ള സൗകര്യം മലയാളം വിക്കിസംരംഭങ്ങളിൽ ഒരുക്കിയിട്ടുണ്ട്. താഴെ പറയുന്നവ ആണത്.

- ലിപ്യന്തരണം
- ഇൻസ്ക്രിപ്റ്റ്

ലിപ്യന്തരണമാണ് സ്വതേ ലഭ്യമാക്കിയിരിക്കുന്ന രീതി. തുടക്കക്കാരടക്കം കൂടുതൽ പേർ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നത് ലിപ്യന്തരണ രീതിയാണ്. ഈ രണ്ട് രീതിയുടേയും വിശദാംശങ്ങൾ ഈ വിഭാഗത്തിൽ കൊടുത്തിരിക്കുന്നു.

## ലിപ്യന്തരണം

ലാറ്റിൻ ലിപി ഉപയോഗിച്ച് ലാറ്റിനേതര ഭാഷകൾ എഴുതുന്ന രീതിയെ പൊതുവായി ലിപ്യന്തരണം അല്ലെങ്കിൽ ലിപിമാറ്റസമ്പ്രദായം എന്ന് പറയുന്നു. ലളിതമായി പറഞ്ഞാൽ ഇംഗ്ലീഷ് കീബോർഡിലെ ചിഹ്നങ്ങളുപയോഗിച്ച് മലയാള ഭാഷാ അക്ഷരങ്ങളും ചിഹ്നങ്ങളും ടൈപ്പ് ചെയ്യുന്ന ലിപിമാറ്റ സമ്പ്രദായത്തെയാണ് ലിപ്യന്തരണം അഥവാ ട്രാൻസ്ലിറ്ററേഷൻ എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

അടുത്ത താളിലെ ചിത്രത്തിലുള്ള പട്ടികയിൽ ഒരോ മലയാള അക്ഷരവും ടൈപ്പ് ചെയ്യുന്നതിന് ഏതൊക്കെ ഇംഗ്ലീഷ് കീകൾ ഉപയോഗിക്കണം എന്നത് വ്യക്തമാക്കിയിരിക്കുന്നു.

വ്യഞ്ജനങ്ങളോട് സ്വരങ്ങൾ ചേർക്കുന്ന രീതി:

- ക = ka
- കാ = kaa അല്ലെങ്കിൽ kA
- കി = ki
- കീ = kii അല്ലെങ്കിൽ kI അല്ലെങ്കിൽ kee
- കു = ku
- കൂ = kU അല്ലെങ്കിൽ koo
- കൃ = kR
- കെ = ke
- കേ = kE
- കൈ = kai
- കൊ = ko
- കോ = kO

- കൗ = kau
- കം = kam
- കഃ = kaH

ഏതാനും ഉദാഹരണങ്ങൾ ഇവിടെ നൽകുന്നു:

- kaakka -> കാക്ക
- puuchcha -> പൂച്ച
- prakRthi -> പ്രകൃതി
- Rshinaaradamamgalam -> ഋഷിനാരദമംഗലം

**മലയാള അക്കങ്ങൾ**

മലയാളത്തിനു സ്വന്തമായി അക്കങ്ങൾ എഴുതാനുള്ള അക്ഷരരൂപം ഉണ്ടെങ്കിലും സംഖ്യകൾക്കായി മലയാളികൾ ഇൻഡോ-അറബിക്ക് അക്കങ്ങളാണ് (0, 1, 2,..9 എന്നിവ) വ്യാപകമായി ഉപയോഗിക്കുന്നത്, അതിനാൽ തന്നെ വിക്കിയിലെ എഴുത്തുപകരണവും സ്വതെയുള്ള അക്കങ്ങളായി ഇൻഡോ-അറബിക്ക് അക്കങ്ങൾ തന്നെ ഉപയോഗിക്കുന്നു. എങ്കിലും അപൂർവ്വം ചില അവസരങ്ങളിൽ മലയാള അക്കങ്ങൾ ഉപയോഗിക്കേണ്ടി വരാറുണ്ട്, സാന്ദർഭികമായി മലയാള അക്കങ്ങളെ പ്രതിപാദിക്കുന്ന അവസരങ്ങൾ, വിക്കിപീഡിയ ലേഖനങ്ങളിൽ കുറിപ്പുകൾ ചേർക്കേണ്ടി വരുമ്പോൾ എന്നിവ അത്തരം സന്ദർഭങ്ങൾക്ക് ഉദാഹരണങ്ങളാണ് (ലേഖനങ്ങളിലെ കുറിപ്പുകളുടെ ക്രമത്തിന് മലയാള അക്കങ്ങൾ ഉപയോഗിക്കണമെന്നത് മലയാളം വിക്കിപീഡിയയിലെ ഒരു നയമാണ്). ബാക്ക്സ്ലാഷ് (\) അടിക്കുകയും അതിനുശേഷം ആവശ്യമുള്ള അക്കം അടിക്കുകയും ചെയ്ത് ആവശ്യമുള്ള മലയാളം അക്കങ്ങൾ ചേർക്കാവുന്നതാണ്. ഉദാഹരണത്തിന് ൩ (3 എന്ന മലയാള അക്കം) ചേർക്കുവാൻ \3 എന്ന് ടൈപ്പ് ചെയ്താൽ മതിയാകും. ഒരോ അക്കവും ഇതേ രീതിയിൽ ചേർക്കേണ്ടി വരും, അതായത് ൧൪൫ (=145) ചേർക്കാൻ \1\4\5 എന്ന് ടൈപ്പ് ചെയ്യുണം.

| സ്വരങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| അ | ആ | ഇ | ഈ | ഉ | ഊ | ഋ | ൠ | ഌ | ൡ |
| | ◌ാ | ◌ി | ◌ീ | ◌ു | ◌ൂ | ◌ൃ | ൄ | | |
| a | aa | i | ee | u | oo | R | RR | Ll | Lll |
| എ | ഏ | ഐ | ഒ | ഓ | ഔ | അം | അഃ | | |
| െ◌ | േ◌ | ൈ◌ | െ◌ാ | േ◌ാ | ◌ൗ | ◌ം | ◌ഃ | | |
| e | E | ai | o | O | au | am | aH | | |

| വ്യഞ്ജനങ്ങൾ | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| k | kh | g | gh | ng |
| ച | ഛ | ജ | ഝ | ഞ |
| ch | cch | j | jh | nj |
| ട | ഠ | ഡ | ഢ | ണ |
| T | Th | D | Dh | N |
| ത | ഥ | ദ | ധ | ന |
| th | thh | d | dh | n |
| പ | ഫ | ബ | ഭ | മ |
| p | f | b | bh | m |
| യ | ര | ല | വ | |
| ക്യ | ക്ര | ക്ല | ക്വ | |
| y | r | l | v | |
| ശ | ഷ | സ | ഹ | |
| S | sh | s | h | |
| ള | ഴ | റ | റ്റ | |
| L | zh | rr | t | |

| ചിഹ്നങ്ങൾ | | |
|---|---|---|
| ◌് | ◌ഃ | ഽ |
| (ചന്ദ്രക്കല) | (വിസർഗ്ഗം) | (പ്രശ്ലേഷം) |
| ~ | H | // |

| ചില കൂട്ടക്ഷരങ്ങൾ | | | | | |
|---|---|---|---|---|---|
| ങ്ക | ഞ്ച | ണ്ട | മ്പ | ഗ്ദ്ധ | ഞ്ജ |
| nk | nch | NT | mp | gddh | njj |

| ചില്ലുകൾ | | | | | | |
|---|---|---|---|---|---|---|
| ൺ | ൻ | ർ | ൽ | ൾ | ൿ | ◌ം |
| N | n | r | l | L | c | m |

ഈ ചിത്രം നോക്കി ഓരോ മലയാള അക്ഷരത്തിനും ഉപയോഗിക്കുന്ന ഇംഗ്ലീഷ് കീ കോംബിനേഷനുകൾ പഠിച്ചെടുത്താൽ വളരെ എളുപ്പം വിക്കിയിലെ ടൂൾ ഉപയോഗിച്ച് മലയാളം വിക്കിസംരംഭങ്ങളിൽ മലയാളത്തിലെഴുതാം .

## സ്വരചിഹ്നങ്ങൾ

ചില അവസരങ്ങളിൽ സ്വരചിഹ്നങ്ങൾ പ്രത്യേകം ടൈപ്പ് ചെയ്യേണ്ട ആവശ്യം വന്നേക്കും. അവ ചേർക്കുന്ന വിധം:

- aa\ = ാ
- i\ = ി
- ii\ = ീ
- u\ = ു
- uu\ = ൂ
- R\ = ൃ
- RR\ = ൄ
- e\ = െ
- E\ = േ
- ai\ = ൈ
- o\ = ൊ
- O\ = ോ
- au\ = ൌ
- m\ = ം
- Ll\ = ൢ
- Lll\ = ൣ

## ലിപ്യന്തരണം നിയന്ത്രിക്കാൻ

ലിപ്യന്തീകരണം നിയന്ത്രിക്കാൻ ഏറ്റവും എളുപ്പമുള്ള  വഴി കണ്ട്രോൾ കീയും M കീയും (Ctrl+M) ഒന്നിച്ചമർത്തുകയാണ്, പക്ഷെ ഈ രീതിയിലുള്ള കുറുക്കു കീ കോമ്പിനേഷൻ എല്ലാ ബ്രൗസറിലും പ്രവർത്തിക്കാറില്ല. ഒരോ ഇൻപുട്ട് ബോക്സിനും സമീപത്തുള്ള "മലയാളത്തിലെഴുതുക" എന്ന ചെക്ക്ബോക്സുകൾ ടിക്ക് ചെയ്യുകയും അൺടിക്ക് ചെയ്യുകയും വഴി ലിപ്യന്തരണത്തെ നിയന്ത്രിക്കുന്നതാണ് രണ്ടാമത്തെ വഴി. Ctrl+M എന്ന കുറുക്കു കീ പ്രവർത്തിക്കാത്ത ബ്രൗസറുകളിൽ ചെക്ക് ബോക്സുകൾ ഉപയോഗിക്കുക വഴി ലിപ്യന്തരണം നിർത്തുവാൻ സാദ്ധ്യമാണ്.


## ഇൻസ്ക്രിപ്റ്റ്

ഭാരത സർക്കാരിന്റെ കീഴിലുള്ള സി-ഡാക്ക് എന്ന സ്ഥാപനം എല്ലാ ഭാരതീയ ഭാഷകൾക്കുമായി ഉണ്ടാക്കിയ ഔദ്യോഗിക നിവേശക രീതിയാണ് ഇൻസ്ക്രിപ്റ്റ് അഥവാ ഇൻഡിക് സ്ക്രിപ്റ്റ്. ഭാരതീയ ഭാഷകളുടെ ലിപിയിലെ സാമ്യത അവലംബിച്ചുണ്ടാക്കിയ ഈ രീതിയിൽ എല്ലാ ഭാരതീയ ഭാഷകൾക്കും ഒരേ കീ സ്ഥാനങ്ങളാണ്.

ഇൻസ്ക്രിപ്റ്റ് രീതിക്ക് ഒരുപാട് ഗുണങ്ങളുണ്ട്. ഒന്നാമത്തേത്, എല്ലാ ഭാരതീയ ഭാഷകൾക്കും ഒരേ വിന്യാസമാണ് ഇൻസ്ക്രിപ്റ്റ് രീതിയിലുപയോഗിക്കുന്നത്. അതുകൊണ്ട് ഒരു ഭാഷ അറിയാമെങ്കിൽ എല്ലാ ഭാഷകൾക്കും വേണ്ട വിന്യാസവും മനസ്സിലാക്കാം. കൂടാതെ, അക്ഷരങ്ങളുടെ വിന്യാസം ശാസ്ത്രീയമായി എളുപ്പം ഓർത്തിരിക്കാനും വേഗത്തിൽ ഉപയോഗിക്കാനും കഴിയുന്ന രീതിയാണിത്. സർക്കാരും സാമാന്യരീതിയായി അംഗീകരിച്ച ഇൻസ്ക്രിപ്റ്റ് രീതി പരിശീലിക്കുന്നതായിരിക്കും,ഇംഗ്ലീഷ് പരിജ്ഞാനമില്ലാത്തവർക്ക് കമ്പ്യൂട്ടർ ഉപയോഗിച്ച് തുടങ്ങുമ്പോൾ നല്ലത്. നേരിട്ട് മലയാളം എഴുതാൻ പഠിക്കാൻ ഏറ്റവും നല്ലത് ഇൻസ്ക്രിപ്റ്റ് തന്നെ. ഇൻസ്ക്രിപ്റ്റ് രീതിയും വിക്കിപീഡിയയിൽ ലഭ്യമാണ്. എന്നാൽ ഇത് സ്വതേ സജീവമാക്കിയിട്ടില്ല. ഇൻസ്ക്രിപ്റ്റ് രീതിയിൽ മലയാളം ടൈപ്പ് ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ താഴെ നൽകിയിരിക്കുന്ന കോഡ് താങ്കളുടെ ഉപയോക്തൃമണ്ഡലത്തിലെ vector.js എന്ന ഫയലിൽ ചേർക്കുക. ഇതിന് സഹായം ആവശ്യമെങ്കിൽ wiki.malayalam@gmail.com എന്ന വിലാസത്തിലേക്ക് മെയിലയക്കുക.

```
/* To activate inscript typing instead of transliteration add */
importScript("മീഡിയവിക്കി:Ml rules inscript.js");
/* To show show Inscript keyboard layout help image at bottom of window add following */
//var LAYOUT_HELP_WIDTH= 500;   // Specify help image's width. Default is 640
importScript("മീഡിയവിക്കി:Inscript help.js");
```

ഇൻസ്ക്രിപ്റ്റ് രീതിയിൽ ഒരോ മലയാള അക്ഷരവും ടൈപ്പ് ചെയ്യുന്നതിന് ഏതൊക്കെ കീകൾ ഉപയോഗിക്കണം എന്നത് വ്യക്തമാക്കുന്ന കീബോർഡ് ലേയൗട്ടിന്റെ ചിത്രം താഴെ കൊടുത്തിരിക്കുന്നു.




*ഇൻസ്ക്രിപ്റ്റ് മലയാളം കീബോർഡ്*

## മലയാളത്തിലുള്ള വിക്കിമീഡിയ സംരംഭങ്ങൾ

വിക്കിപീഡിയ
സ്വതന്ത്ര സർവ്വവിജ്ഞാനകോശം
http://ml.wikipedia.org

വിക്കിനിഘണ്ടു
നിഘണ്ടുവും ശബ്ദകോശവും
http://ml.wiktionary.org

വിക്കിഗ്രന്ഥശാല
സ്വതന്ത്ര പുസ്തകാലയം
http://ml.wikisource.org

വിക്കിപാഠശാല
സ്വതന്ത്ര പഠനസഹായികളും ലഘുലേഖകളും
http://ml.wikibooks.org

വിക്കിചൊല്ലുകൾ
ചൊല്ലുകളുടെ ശേഖരം
http://ml.wikiquote.org